**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2415** **30-09-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്ക് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ രോഗബാധിതരായാൽ അവർക്ക് സാമ്പത്തിക സഹായം നല്കുന്നതിന് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് എന്തെല്ലാം രോഗങ്ങൾക്കാണെന്ന് വിശദമാക്കാമോ? | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയിൽ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശിപാർശ, സെക്രട്ടറിയുടെ അപേക്ഷ, ബന്ധപ്പെട്ട ജനപ്രതിനിധിയുടെ അപേക്ഷ, കമ്മിറ്റി തീരുമാനം, തനത് ഫണ്ട് നീക്കിയിരുപ്പ് സംബന്ധിച്ച തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ സാക്ഷ്യ പത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ്, എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്, ഡിക്ലറേഷൻ, മെഡിക്കൽ പ്രാക്ടീഷണർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ എന്നിവ മെഡിക്കൽ ബില്ലുകൾ എല്ലാം പരിശോധിച്ച് ശിപാർശ സഹിതം സർക്കാരിൽ അനുബന്ധ രേഖകൾ ഉൾപ്പെടുത്തി സമർപ്പിക്കുകയ ാണ് ചെയ്യുന്നത്. സർക്കാർ ഉത്തരവിന് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ